ശമ്പള കമ്മിഷൻ.

258. [14] ശ്രീ. സി. കെ. വിശ്വനാഥൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവണ്മെൻറിൽനിന്നു നിയമിച്ചിട്ടുള്ള ശമ്പളക്കമ്മിഷന്റെ പ്രവർത്തനകാലാവധി ആദ്യം നിശ്ചയിച്ചിരുന്നതു് എത്രമാസമാണു്;

(ബി) അതു പിന്നീടു് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാസം;

(സി) ഈ കമ്മിഷൻ മുമ്പു് ഗവണ്മെൻറിൽ നിന്നു നിശ്ചയിച്ചിരുന്ന ശമ്പളക്കമ്മിഷൻ, ഗവണ്മെൻറിലേക്കു് സമർപ്പിച്ച റിപ്പോർട്ടിലെ പൊതുതത്വങ്ങൾ അടിസ്ഥാനമാക്കിയാണോ പ്രവർത്തിച്ചിട്ടുള്ളതു്;

(ഡി) ശമ്പളക്കമ്മിഷന്റെ പ്രവർത്തനം സംബന്ധിച്ചു ഗവണ്മെൻറു് എതെങ്കിലും പൊതുനിർദ്ദേശം നൽകിയിരുന്നോ;

(ഇ) കമ്മിഷനംഗങ്ങളുടെ അലവൻസു്, സഞ്ചാരപ്പടി ഇവ ഓരോ ഇനത്തിലും എന്തുതുക വീതമായിട്ടുണ്ടു്;

(എഫ്) കമ്മിഷന്റെ പ്രവർത്തനങ്ങൾക്കു് മൊത്തം എന്തു സംഖ്യ ചെലവഴിച്ചു?

ഉത്തരം.

(എ) മൂന്നുമാസം.

(ബി) കാലാവധി രണ്ടുമാസംകൂടി ദീർഘിപ്പിച്ചു.

(സി) സംയോജനത്തിനു് മുമ്പു് തിരുവിതാംകൂറിൽ പ്രവർത്തിച്ചിരുന്ന ശമ്പളപരിഷ്കരണകമ്മിറ്റി ഗവണ്മെൻറിനു് റിപ്പോർട്ടു് സമർപ്പിച്ചിട്ടില്ല.

(ഡി) ഗവണ്മെൻറു് പാസ്സാക്കിയ ശമ്പളപരിഷ്കരണ ഉത്തരവുകൾ പുനഃപരിശോധനചെയ്തു് അവയിലെ വൈകല്യങ്ങളും മറ്റും പരിഹരിക്കുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണു് പ്രകമ്മിഷൻ നിയമിച്ചിരുന്നതു്.

(ഇ) കമ്മിഷനംഗങ്ങളുടെ ആണറേറിയമായി രൂപ 12,870 അണ 15-ും ചെലവായിട്ടുണ്ടു്.

(എഫ്) രൂപ 24,037 അണ 4 പൈ 6 ചെലവായിട്ടുണ്ടു്.

ആലുവാ സബ്ഡിവിഷൻ മജിസ്ട്രേട്ടുകോടതി.

259. [15] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവാ സബ്ഡിവിഷൻ മജിസ്ട്രേട്ടുകോടതി എന്നാണു് സ്ഥാപിതമായതു്;

(ബി) അതു നിറുത്തലാക്കാൻ പ്രത്യേക വല്ല കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 1121 M. E. യിൽ.

(ബി) എറണാകുളത്തു് ഒരു സബ്ഡിവിഷൻ മജിസ്ട്രേട്ട കോടതി സ്ഥാപിച്ചതുകൊണ്ടു് ആലുവായിലെ കോടതി നിറുത്തലാക്കി. എന്നാൽ അതേസമയംതന്നെ എറണാകുളം ഒന്നാംക്ലാസ്സു് കോടതി ആലുവായിലേക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്.

സബ്കോടതികൾ.

260. [16] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

തിരുവിതാംകൂർ-കൊച്ചിയിൽ എത്ര സബ്കോടതികൾ നിലവിലുണ്ടു്; ഇരിങ്ങാലക്കുട ഒരു സബ്കോടതി സ്ഥാപിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

തിരുവിതാംകൂർ–കൊച്ചിയിൽ ആറ്റിങ്ങൽ, പത്മനാഭപുരം, വൈക്കം, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, ചിറ്റൂർ ഈ ആറു് സ്ഥലങ്ങളിൽ സബ്കോടതികളുണ്ടു്. 18-8-1955-ൽ ഇരിങ്ങാലക്കുടയിൽ ഒരു സബ് കോടതി തുടങ്ങി.

റയിൽവേ ഗതാഗതം.

261. [17] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുറ്റിപ്പുറത്തുനിന്നു കുന്നംകുളം വഴി ഗുരുവായൂക്കു് ഒരു റയിൽവേ ഗതാഗതം ആരംഭിക്കുന്നതിനു് തലപ്പിള്ളി താലൂക്കു് ഡെവലപ്പുമെൻറു് കമ്മിറ്റിയുടെ നിർദ്ദേശത്തെപ്പറ്റി ഗവണ്മെൻറു് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം.

കുറ്റിപ്പുറത്തുനിന്നും ഗുരുവായൂർവഴി കൊട്ടക്കല്ലിലേക്കു് ഒരു റയിൽവേലൈൻ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവണ്മെൻറിനോടു് ശുപാർശചെയ്തിട്ടുണ്ടു്.

Anglo Indians in the Revenue Department

262. [18] SHRI A. A. D. LUIZ: Will the Minister for Home affairs be pleased to state:

Whether any Anglo-Indian has been dismissed from the Revenue Department during the past five years; if so, please state names?

Answer.

No Anglo-Indian has been dismissed from Revenue Department.

LIBRARY ARCHIVES Kerala Legislative Assembly